**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 704** **28-01-2026 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി.-ക്ക് ലഭിച്ചിട്ടുളള അംഗീകാരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. നടത്തിയ പ്രവർത്തനങ്ങൾക്ക് 2016 മുതൽ ലഭിച്ചിട്ടുളള അംഗീകാരങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ? | (എ) | I.ഊർജ്ജ കാര്യക്ഷമതയിൽ സംസ്ഥാനം നടത്തുന്ന ഇടപെടലുകളുടെ ഭാഗമായി ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ താഴെ കൊടുത്തിരിക്കുന്നു<br><br>• കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന് കീഴിലുള്ള ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി (BEE) പുറത്തിറക്കുന്ന ദേശീയ സൂചികയിൽ (State Energy Efficiency Index - SEEI) കേരളം തുടർച്ചയായി മികച്ച പ്രകടനം കാഴ്ചവെച്ചിട്ടുണ്ട്.<br>• Front Runner Category: 2018, 2021-22, 2023 എന്നീ വർഷങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെക്കുന്ന സംസ്ഥാനങ്ങളുടെ മുൻനിര പട്ടികയായ 'ഫ്രണ്ട് റണ്ണർ' വിഭാഗത്തിൽ കേരളം ഇടംപിടിച്ചു.<br>• Achiever Category: 2019, 2020 വർഷങ്ങളിൽ 'അച്ചീവർ' വിഭാഗത്തിൽ ഉൾപ്പെട്ട കേരളം, 2024-ലെ സൂചികയിൽ ഗ്രൂപ്പ്-2 വിഭാഗത്തിൽ 100-ൽ 50.68 പോയിന്റുകൾ കരസ്ഥമാക്കി രണ്ടാം സ്ഥാനം നേടി.<br>• 2015, 2019, 2021, 2023 എന്നീ വർഷങ്ങളിൽ സംസ്ഥാന ഊർജ്ജ സംരക്ഷണ പുരസ്കാരം കെ.എസ്.ഇ.ബി.എൽ. നേടിയിട്ടുണ്ട്. ഊർജ്ജ സംരക്ഷണവും പരിപാലനവും ആണ് ഇത്തരം പുരസ്കാരങ്ങൾ നൽകുന്നതിനായി പ്രധാനമായും വിശകലനം ചെയ്യുന്നത്. കൂടാതെ ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനായി നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി പരിസ്ഥിതി സൗഹൃദമായി നടപ്പിലാക്കിയ പദ്ധതികളാണ് പ്രസ്തുത പുരസ്കാരങ്ങൾ നൽകുന്നതിനായി വിലയിരുത്തുന്നത്. |

II. ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് മേഖലയിൽ കെ. എസ്. ഇ. ബി. എൽ.- ന്റെ താഴെ പറയുന്ന അവാർഡുകൾ ലഭിക്കുകയുണ്ടായി.

- കെ.എസ്.ഇ.ബി.എൽ. ദേശീയ തലത്തിൽ നടപ്പാക്കിയ നൂതന പദ്ധതിയായ പോൾ മൗണ്ടഡ് വൈദ്യുതി വാഹന ചാർജിംഗ് സ്റ്റേഷനുകൾക്ക് ഇന്ത്യൻ സ്മാർട്ട് ഗ്രിഡ് ഫോറത്തിന്റെ (ISGF) 'എമേർജിങ് ഇന്നോവേഷൻ ഇൻ ഇലക്ട്രിക്ക് മൊബിലിറ്റി ഡൊമെയ്ൻ- EV & EVSE റോൾഔട്സ്' വിഭാഗത്തിലെ ഡയമണ്ട് അവാർഡ് 2023-ൽ ലഭിച്ചു.
- വൈദ്യുതി വാഹന ചാർജിംഗിനായി വികസിപ്പിച്ച ഇന്റഗ്രേറ്റഡ് മൊബൈൽ ആപ്ലിക്കേഷനായ 'KeMapp' പദ്ധതിക്ക് ഇന്ത്യൻ സ്മാർട്ട് ഗ്രിഡ് ഫോറത്തിന്റെ (ISGF) 'എമേർജിങ് ഇന്നോവേഷൻ ഇൻ ഇലക്ട്രിക്ക് മൊബിലിറ്റി ഡൊമെയ്ൻ- EV & ചാർജിങ് ടെക്നോളജി/സൊല്യൂഷൻ പ്രൊവൈഡേഴ്സ്' വിഭാഗത്തിൽ ഡയമണ്ട് അവാർഡ് 2024-ൽ ലഭിച്ചു.

III പുരപ്പുറ സോളാർ മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ചതിനു കെ. എസ്. ഇ. ബി. എൽ.- ന്റെ സർക്കാർ സർക്കാരിതര ഏജൻസികളിൽ നിന്ന് താഴെ പറയുന്ന അവാർഡുകൾ ലഭിക്കുകയുണ്ടായി.

- 2022 ൽ പുനരുപയോഗ ഊർജ്ജ മേഖലയിലെ മികച്ച പ്രവർത്തനത്തിന് ആർ ഇ അസറ്റ് ഇന്ത്യയുടെ അവാർഡ്
- 2022 ൽ പി വി ഇൻവെസ്റ്റ് ടെക് ഇന്ത്യ കോൺഫെറൻസിലെ സോളാർ റൂഫ്ടോപ് എനേബ്ലർ അവാർഡ്
- 2022 ൽ ഉത്തർപ്രദേശ് സർക്കാരിന്റെയും ഉത്തർപ്രദേശ് എനർജി സപ്ലൈ കമ്പനിയുടെയും മൂന്നാമത് APAC ഡിജിറ്റൽ എംപവർമെന്റ് അവാർഡ്
- 2023 ൽ ഗ്രിഡ് കണക്ടഡ് സോളാർ റൂഫ്ടോപ് പ്രോഗ്രാമിന്റെ മികച്ച പ്രവർത്തനത്തിന് സൂര്യകോൺ കേരളം സോളാർ അവാർഡ്.

സെക്ഷൻ ഓഫീസർ